# 18

# പുഞ്ചിരി നിഷ്കളങ്കതയുടെ അടയാളം

ഫാ. പോൾ പൂവത്തിങ്കൽ സി.എം.ഐ.

മനുഷ്യ ശരീരത്തിൽ മൂന്നു പ്രധാനപ്പെട്ട നാഡികളുണ്ട്: ഒന്ന് ഇട (ഇടതുവശം), പിങ്കള (വലതുവശം), മൂന്ന് സുഷുമ്ന (മധ്യവശം). ഈ മൂന്നു നാഡികളെ ശുദ്ധീകരിച്ചെടുത്താൽ മനുഷ്യൻ ഒരു പ്രത്യേക അവസ്ഥ പ്രാപിക്കും. വളരെ വിഷമമേറിയ ഒരു പ്രക്രിയയാണിത്. 'സ്ഥിതപ്രഞ്ജ്ജൻ' എന്ന് ഈ മനുഷ്യനെ അഭിസംബോധന ചെയ്യാം. ഡൺസ്റ്റനച്ചൻ ഈ അവസ്ഥ പ്രാപിച്ച ഒരുവനാണെന്നാണ്, ഡൺസ്റ്റനച്ചന്റെ കീഴിൽ രണ്ടു വർഷക്കാലം നവസന്യാസം ലഭിച്ച ഒരു സന്യാസവൈദീകന്റെ അഭിപ്രായം. 'സ്ഥിതപ്രജ്ഞർ' സർവ്വസമയവും ശാന്തശീലരും സന്തോഷവാൻമാരുമായിരിക്കും. ആത്മീയ തപസ്സുകൊണ്ട് തങ്ങളുടെ മാനസിക ശാരീരിക ഊർജ്ജത്തെ കീഴടക്കിയിരിക്കും. ആരോടും വിരോധമില്ല ഏതു സഹനങ്ങൾക്കും അവരെ കീഴടക്കുവാൻ സാധിക്കുകയില്ല. 'ആന്തരീക മൗനം' ഈ മനുഷ്യരുടെ ഏറ്റവും വലിയ പ്രത്യേകതയാണ്. അപരനെ മനസ്സിലാക്കുവാനും, അവനെ ശ്രവിക്കുവാനും, അവനായിരിക്കുന്ന അവസ്ഥയിൽ അംഗീകരിക്കുവാനുമുള്ള പ്രത്യേക കഴിവ് ഇത്തരക്കാർക്കുണ്ടാവും. ഇത്തരത്തിൽ ചിന്തിച്ചാൽ ഡൺസ്റ്റനച്ചൻ ഈ അവസ്ഥ പ്രാപിച്ച സി.എം.ഐ. വൈദികരിൽ ഒരാളാണ്.

ഈ വാക്കുകൾ കൊണ്ടു തന്നെ ഡൺസ്റ്റനച്ചൻ ആരാണെന്ന് അദ്ദേഹം വ്യക്തമാക്കിക്കഴിഞ്ഞു. തന്റെ ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് തിരിഞ്ഞു നോക്കുമ്പോൾ മനസ്സിൽ ചില വ്യക്തിത്വങ്ങൾ ഒളി തൂകി നിൽക്കുന്നുണ്ട്. അതിൽ പരമപ്രധാനമായും ഓർത്തിരിക്കുന്നത് ഡൺസ്റ്റനച്ചനെയാണ്. വരന്തരപ്പിള്ളി ആശ്രമത്തിന്റെ അധിപനായിരുന്ന കാലഘട്ടം മുതൽ ഇന്നുവരെ അദ്ദേഹം ആ വൈദികന്റെ ആദർശപുരുഷനും, മാതൃകയുമാണെന്നു പറയുന്നു.



Poovathingal, Paul. "Punchiri Nishkalangathayude Adisthanam" in Dheerghadarshi: Dunstonachan by W. J. Tharayil, pages 74-75, Coimbatore: Preshitha Communications, 2020.

എപ്പോഴും ആരെ കണ്ടാലും കൊടുക്കുന്ന ഒരു ദേവപ്രസാദമായി അദ്ദേഹത്തിന്റെ മുഖത്തെ ആ പുഞ്ചിരി തെളിഞ്ഞു നിൽക്കുന്നുണ്ട്. ഹൃദയത്തിന്റെ ഉൾത്തടത്തിൽ നിന്നും ഊറി വരുന്ന സന്തോഷത്തിന്റെ പ്രകടനമായിരുന്നു ആ പുഞ്ചിരി. ആ മുഖം നോക്കി നമുക്കും ആ ആനന്ദത്തിന്റെ അംശങ്ങൾ നമ്മുടെ ഹൃദയത്തിലേക്ക് ഒപ്പിയെടുക്കാൻ സാധിക്കും. ആന്തരീകമായ 'ആനന്ദം' ഈശ്വര സാക്ഷാത്ക്കാരം ലഭിച്ചവരുടെ വലിയൊരു പ്രത്യേകതയാണ്. മുഖത്ത് ഉതിർന്നു വരുന്ന പുഞ്ചിരി – ഒരിക്കലും മാഞ്ഞു പോകാത്ത പുഞ്ചിരി – ആനന്ദം ഹൃദയത്തിൽ നിന്നും ഉറവയായി ഒഴുകിയെത്തുന്ന അവസ്ഥ. ഇതൊക്കെ കൈവശമാക്കിയിരുന്നു ഡൺസ്റ്റനച്ചൻ. ഒരിക്കൽ പോലും അതിരുവിട്ട് ആക്രോശിക്കുകയോ, സംസാരിക്കുകയോ ചെയ്തിട്ടില്ല. ആരേയും തന്റെ ഇംഗിതത്തിനും, ആവേശത്തിനും വേണ്ടി വളച്ചെടുത്തിട്ടില്ല. എല്ലാവരേയും അവരായിരിക്കുന്ന വിധത്തിൽ കാണുകയും, അവരെ ഈശ്വര സാക്ഷാത്ക്കാരത്തിനായി കൈപ്പിടിച്ചുയർത്തുകയും ചെയ്ത ഒരു ഋഷിവര്യൻ.

തന്റെ എല്ലാ പ്രവൃത്തികളും എത്ര നിസ്സാരമായാലും വലുതായിരുന്നാലും എന്തിനു പറയുന്നു, മുറ്റത്ത് പുല്ലു പറിയ്ക്കലായിരുന്നാലും, ആശ്രമ ശ്രേഷ്ഠന്റെ പ്രവൃത്തി ചെയ്യുകയായിരുന്നാലും ഈ സന്യാസവൈദീകന് ഒരേ അവസ്ഥ തന്നെയായിരുന്നു. ഒരു പക്ഷെ മഹാൻമാർ പറയുന്ന 'സ്ഥിതപ്രജ്ഞനെ'ന്ന അവസ്ഥ അദ്ദേഹം നേടിക്കഴിഞ്ഞിരുന്നു. എന്റെ കഴിഞ്ഞപോയ ജീവിതത്തിൽ കണ്ടു മുട്ടിയ പലരിൽ നിന്നും വേറിട്ടൊരു മനുഷ്യനായിരുന്നു എന്റെ പ്രിയപ്പെട്ട ഡൺസ്റ്റനച്ചൻ.